ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 955

12.12.2012 ന് മറുപടിയ്ക്ക്

## ഐ.ടി.ഐ. കളിൽ വെർച്ചൽ ക്ലാസ് റൂം ആരംഭിക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ മുരളീധരൻ:<br>ശ്രീ. റ്റി.എൻ. പ്രതാപൻ :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ വെർച്ചൽ ക്ലാസ്സ് റൂം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ആദ്യഘട്ടമായി സംസ്ഥാനത്തെ 34 ഐ.ടി.ഐ. കളിലാണ് വെർച്ച്വൽ ക്ലാസ്സ് റൂം പദ്ധതി നടപ്പാക്കുന്നത്. 17 ഐ.ടി.ഐ. കളിൽ ടി പദ്ധതി പൂർണ്ണമായി ആരംഭിച്ചുകഴിഞ്ഞു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) വ്യാവസായിക മേഖലയിലെ പുതിയ വികാസങ്ങളും ചലനങ്ങളും വിവര സാങ്കേതിക വിദ്യയിലൂന്നിയ പഠന സൗകര്യങ്ങളിലൂടെ യഥാസമയം പരിശീലനാർത്ഥികളിൽ എത്തിക്കുക എന്നതാണ് വെർച്ചൽ ക്ലാസ്സ് റൂം കൊണ്ട് ലക്ഷ്യമിടുന്നത്. ദേശീയ-രാജ്യാന്തര പരിശീലന പരിപാടികൾ ഒരേസമയം ഒന്നിലേറെ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനും, വിദഗ്ധ ഇൻസ്ട്രക്ടർമാരുടെ അഭാവം, സ്ഥല-കാല പരിമിതികൾ എന്നിവ ഒഴിവാക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു. |
| (സി) ഇതിന് എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നത്; | (സി) വിവര സാങ്കേതിക ശൃഖല ഉപയോഗിച്ചാണ് വെർച്ചൽ ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി 2 Mbps Internet Connectivity എല്ലാ ഐ.ടി.ഐ. കളിലും ബി.എസ്.എൻ.എൽ മുഖേന ലഭ്യമാക്കുന്നുണ്ട്. ഈ സംവിധാനത്തിൽ കമ്പ്യൂട്ടർ, സ്ക്രീൻ, മൈക്ക്, സ്പീക്കേഴ്സ്, ബി.എസ്.എൻ.എൽ മോഡം എന്നീ ഉപകരണങ്ങളും ഇത് ഏകോപിപ്പിക്കാൻ ആവശ്യമായ സോഫ്റ്റ് വെയറും ഉൾപ്പെടുന്നു. |
| (ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇവ നടപ്പിലാക്കുന്നത്; വിശദമാക്കുമോ ? | (ഡി) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (KELTRON) സാങ്കേതിക സഹായത്തോടുകൂടിയാണ് വെർച്ചൽ ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ